"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല- പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ അണ്ടത്തോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ താൽക്കാലികമായി നിയമിച്ച **ഡോ. അശ്വതി ആശോകിന്** ശമ്പള കുടിശ്ശിക നൽകുന്നതിന് **പ്രത്യേക അനുമതി നൽകി** ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt) No.470/2025/LSGD തീയതി,തിരുവനന്തപുരം, 14-02-2025

---

പരാമർശം:-

1. 09.07.2019 ലെ 81/2019/ധന നമ്പർ ഉത്തരവ്
2. 11.02.2021 ലെ 29/2021/ധന നമ്പർ ഉത്തരവ്
3. പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28/12/2023 ലെ 10(1) നമ്പർ തീരുമാനം
4. പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21/03/2024 തീയതിയിലെ അപേക്ഷ
5. തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16/05/2024 ലെ കത്ത്
6. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024 ലെ 4.9 നമ്പർ തീരുമാനം.
7. പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25/07/2024 ലെ കത്ത്
8. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024 ലെ 4.20 നമ്പർ തീരുമാനം.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ അണ്ടത്തോട് കുടുംബാരോഗ്യകേന്ദ്രത്തിൽ **2019 ആഗസ്റ്റ് മാസം** മുതൽ കരാറടിസ്ഥാനത്തിൽ ഡോക്ടറായി നിയമിച്ചിരുന്ന **ഡോ. അശ്വതി ആശോകിന്** പരാമർശം (1) & (2) ഉത്തരവുകൾ പ്രകാരം നിലനിന്നിരുന്ന വേതനത്തെക്കാൾ കുറഞ്ഞ വേതനമാണ് നൽകിയിരുന്നതെന്നും, കരാറടിസ്ഥാനത്തിൽ ഡോ.അശ്വതി അശോകിനെ നിയമിച്ചപ്പോൾ വേതന നിരക്ക് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് വ്യക്തതയില്ലായിരുന്നുവെന്നും, കോവിഡ് കാലഘട്ടത്തിൽ മികച്ച സേവനം നടത്തിയ ഡോക്ടറാണ് ഈ വ്യക്തിയെന്നും, അതിനാൽ ഡോ. അശ്വതി ആശോകിന് പരാമർശം (1) & പരാമർശം (2) ഉത്തരവുകൾ പ്രകാരമുള്ള ശമ്പള കുടിശ്ശിക നൽകണമെന്നും പരാമർശം (4) & (7) ലെ കത്തുകൾ പ്രകാരം പുന്നയൂർക്കുളം

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടകയുണ്ടായി.

ഇക്കാര്യം **05.12.2024** ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പരിശോധിക്കുകയും പരാമർശം (8) ലെ തീരുമാനപ്രകാരം ജില്ലയിലെ മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിലെ കരാറടിസ്ഥാനത്തിലുള്ള ഡോക്ടർമാർക്ക് മേൽപ്പറഞ്ഞ (1 ), (2 ) സർക്കാർ ഉത്തരവ് പ്രകാരമുള്ള ഉയർന്ന നിരക്കിലുള്ള വേതനം ഈ കാലഘട്ടത്തിൽ ലഭിച്ചിട്ടുണ്ടെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് സാമാന്യ നീതി പരിഗണിച്ച് പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ അണ്ടത്തോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ താൽക്കാലികമായി നിയമിച്ച **ഡോ. അശ്വതി ആശോകിന്** ഉത്തരവുകൾ പ്രകാരം ചുവടെ ചേർക്കുന്ന ശമ്പള കുടിശ്ശിക നൽകുന്നതിന് **പ്രത്യേക അനുമതി** നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| കാലഘട്ടം | നൽകിയ പ്രതിമാസ വേതനം | ഇതേ കാലഘട്ടത്തിൽ ധനവകുപ്പിന്റെ ഉത്തരവ് പ്രകാരം നൽകാവുന്ന പ്രതിമാസ വേതനം | |
|---|---|---|---|
| 26.08.2019മുതൽ 31.03.2020 | 41,000 രൂപ | 56,395 രൂപ | 01.07.2019 മുതൽ 01.02.2021 വരെ |
| 01.04.2020മുതൽ 31.03.2021 | 51,600 രൂപ | 56,395 രൂപ | |
| 02.04.2021മുതൽ 31.03.2022 | 51,600 രൂപ | 57,525 രൂപ | 01.02.2021 മുതൽ |
| 02.04.2022മുതൽ 31.03.2023 | 51,600 രൂപ | 57,525 രൂപ | |
| 02.04.2023മുതൽ 31.03.2024 | 57,525 രൂപ | 57,525 രൂപ | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LEENA N P

ADDITIONAL SECRETARY

സെക്രട്ടറി, പുന്നയൂർ ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം

കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്,പട്ടം ,തിരുവനന്തപുരം

ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി

കരുതൽ ഫയൽ (ഡി.ബി3/256/2024/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by

Smitha. L

Date: 14-02-2025 16:17:27

സെക്ഷൻ ഓഫീസർ